**Appendix 8: Informed Consent Form in Malyalam – Control / Patient/ Relative**

# ആരോഗ്യമുള്ള വ്യക്തികൾക്കായുള്ള അനുമതി വിവരണ പത്രം

എ.ഡി.ബി.എസ്: ശാസ്ത്രത്തിന്റെയും ഔഷധ -ചികിത്സയുടെയും സമന്വയം

ബഹുമാനപ്പെട്ട__________________

**മുഖവുര:**

ഈ ഗവേഷണത്തിന്റെ പഠനത്തിനായി താങ്കളെ ക്ഷണിക്കുന്നു. പഠനവിധേയനാകുന്നതിനു മുന്പ് ഈ ഗവേഷണം എന്തിനാണെന്ന് അറിയേണ്ടത് പ്രധാനമാണ്. താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ശ്രദ്ധിച്ച് വായിച്ചതിനു ശേഷം ഇതു സംബന്ധിച്ച് വേണമെങ്കിൽ മറ്റുള്ളവരുമായി ആലോചിക്കാവുന്നതാണ്. കാര്യങ്ങൾ വ്യക്തമല്ലെങ്കിലോ അഥവാ കൂടുതൽ വിവരങ്ങൾ വേണമെങ്കിലോ, സമയമെടുത്ത് പഠനത്തിൽ പങ്കെടുക്കണോ വേണ്ടയോ എന്നു തീരുമാനിക്കാവുന്നതാണ്.

ഈ പഠനത്തിന്റെ ഉദ്ദേശ്യമെന്താണ്?

പാരമ്പര്യമായുണ്ടാകുന്ന ജനിതക വ്യതിയാനങ്ങൾ മൂലം പല സാഹചര്യങ്ങളിലും വ്യക്തികളുടെ മസ്തിഷ്കത്തെയും അനുബന്ധ പെരുമാറ്റങ്ങളെയും പ്രതികൂലമായി ബാധിച്ചേക്കാം. കുടുംബങ്ങളിൽ കാണുന്ന ഇത്തരം അവസ്ഥക്ക് കാരണം ജനിതകമായി ഉണ്ടാകാവുന്ന വ്യതിയാനങ്ങൾ ആണ്. ഇതു മൂലം ജനിതകമായി ഉണ്ടായേക്കാവുന്ന പ്രവർത്തനങ്ങളുടെ ക്രമീകരണത്തെക്കുറിച്ച് നന്നായി മനസ്സിലാക്കേണ്ടത് ആവശ്യമാണ്. പല രീതിയിലുള്ള വിവരങ്ങളെ

അടിസ്ഥാനമാക്കി (ഉദാ: വിശദമായ ജീവിത ചരിത്രം, അഭിമുഖങ്ങൾ, രാസ - ജൈവ പരിശോധനകള്, എം.ആർ.ഐ. ജനിതക പരിശോധനകളും പരീക്ഷണങ്ങളും എന്നിങ്ങനെ) ഉചിതമായവ ഉൾപ്പെടുത്തി ഇത്തരത്തിൽ ഗവേഷണത്തെ വിപുലീകരിക്കാവുന്നതാണ്.

ജനിതകപരമായ അവസ്ഥകൾ ഓരോ വ്യക്തിയിലും ക്രമേണ വളരുകയും മാറ്റം വരുകയും ചെയ്യുന്നതിനാൽ രക്ത സാംപിളുകൾ പിന്നിടുള്ള ആവശ്യത്തിനായി സൂക്ഷിച്ചു വയ്ക്കേണ്ടതുണ്ട്. ഇത്തരത്തില് സൂക്ഷിക്കപ്പെടുന്ന രക്തത്തിലെ കോശങ്ങളുടെ സാന്നിധ്യം രോഗ കാരണങ്ങൾ , രോഗത്തിന്റെ ഗതി എന്നിവ നിർണയിക്കാനുള്ള പ്രധാന ഉപാധിയാകുന്നു. കൂടാതെ രോഗചികിത്സയ്ക്കും സുഖപ്പെടുന്നതിലും ഉപകരിക്കുന്നു. രക്തത്തിലെ കോശങ്ങളെ ഇന്ഡ്യൂസ്ഡ് പ്ലുറി-പൊട്ടെൻറ് സ്റ്റെം (ഐ.പി.എസ്) ആക്കി മാറ്റാവുന്നതാണ്, ഇത് നാഡീകോശങ്ങളുള്പ്പെടെ ശരീരത്തിലെ വെവ്വേറെ കോശങ്ങളാക്കി മാറ്റുകയും ചെയ്യാം. ഐ.പി.എസ്.കോശങ്ങള് നീണ്ട കാലം നിലനിൽക്കുകയും അതായത് വലിയ അളവിൽ വളരുകയും ചെയ്യുന്നതിനാൽ പല ഗവേഷങ്ങള്ക്കായി ഉപയോഗിക്കാവുന്നതുമാണ്. ചുരുക്കത്തിൽ പറഞ്ഞാൽ ഈ ലബോറട്ടറികള് വഴി നടത്തപ്പെടുന്ന പരിശോധനകൾ മസ്തിഷ്ക്കരോഗ ഗവേഷകർക്ക് ഫലപ്രദമായ ഗവേഷണങ്ങൾക്ക് വഴിയൊരുക്കുന്നു.

ഞാൻ തിരഞ്ഞെടുക്കപ്പെട്ടത് എന്തു കൊണ്ടാണ്?

ഒരു ആരോഗ്യവാനായ വ്യക്തിയെന്ന നിലയില് ഈ പഠനത്തിൽ പങ്കെടുക്കാൻ നിങ്ങളെ ക്ഷണിക്കുന്നു.

ഞാൻ ഇതിൽ പങ്കെടുക്കേണ്ടതുണ്ടോ?

ഇല്ല. തീരുമാനം പൂർണമായും നിങ്ങളുടെ ഭാഗത്താണ്. ഈ വിവരങ്ങളുടെ ഒരു പകർപ്പ് നിങ്ങൾക്കു നൽകുന്നതാണ്. വായിച്ചതിനു ശേഷം എന്തെങ്കിലും ചോദ്യങ്ങളുണ്ടെങ്കിൽ ചോദിച്ച് ആലോചിച്ചതിനു ശേഷം തീരുമാനിച്ചാൽ മതിയാകും. ഇതിൽ പങ്കെടുക്കാൻ തീരുമാനിച്ചാൽ താങ്കളുടെ ഒപ്പ് രേഖപ്പെടുത്തിയതിനുശേഷം ആ അസ്സൽ സമ്മതപത്രത്തിന്റെ ഒരു പകർപ്പ്

നിങ്ങൾക്കു തരുന്നതുമായിരിക്കും. ഈ പഠനത്തിൽ പങ്കെടുക്കുന്നവർക്ക് ഉണ്ടാകാവുന്ന ന്യായമായ യാത്രാ ചിലവുകൾ തിരിച്ചു നൽകാനുള്ള വ്യവസ്ഥയുമുണ്ട്.

***<u>ക്ലിനിക്കല് അഭിമുഖം:</u>***

അഭിമുഖത്തിൽ മനഃശാസ്ത്രപരമായും നാഡീശാസ്ത്രപരമായുള്ള അസുഖങ്ങളെപ്പറ്റിയുള്ള ചോദ്യങ്ങൾ ചോദിക്കുന്നതായിരിക്കും. നിങ്ങൾക്കും നിങ്ങളുടെ കുടുംബാഗങ്ങള്ക്കുമുള്ള മറ്റ് അസുഖങ്ങളെപ്പറ്റിയും നിങ്ങളുടെ ഇപ്പോഴത്തെ വികാര വിചാരങ്ങളെപ്പറ്റിയും അറിയേണ്ടതുണ്ട്. സ്വകാര്യ ജീവിതത്തിലെ കാര്യങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾ ഇതിൽ ഉള്പ്പെടുന്നതിനാല് ഈ അഭിമുഖങ്ങൾക്ക് കുറച്ചു സമയം വേണ്ടി വരുന്നു. ചില ചോദ്യങ്ങൾക്ക് ഉത്തരം പങ്കിടാൻ ബുദ്ധിമുട്ടുണ്ടാകുന്നതു കാരണം വിസമ്മതമുണ്ടാകാൻ സാധ്യതയുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്ന പരിശോധനകൾ പൂർത്തീകരിക്കുന്നതിനായി 3 മുതൽ 6 മണിക്കൂർ സമയം എടുത്തേക്കും. താഴേപ്പറയുന്നവ ഇതിൽ ഉൾപ്പെട്ടിട്ടുള്ള ചില പരിശോധനകളാണ്.

***<u>എം.ആർ.ഐ സ്കാൻ:</u>***

എം.ആർ.ഐ സ്കാൻ ഉപയോഗിച്ച് മസ്തിഷ്ക്കത്തിന്റെ ഘടന പരിശോധിക്കും. മസ്തിഷ്ക്കത്തിന്റെ വെവ്വേറെ സ്ഥാനങ്ങൾ ഇമേജിങ് രീതി ഉപയോഗിച്ച് വീക്ഷിക്കാം. വിവിധ തരം എം.ആർ.ഐകളുണ്ട്. ഡിഫ്യൂഷന് ടെന്സര് ഇമേജിങ് ( മസ്തിഷ്ക്കത്തിന്റെ വെവ്വേറെ സ്ഥാനങ്ങൾ തമ്മിലുള്ള ബന്ധത്തെ കാണിക്കുന്നവ) മാഗ്നെറ്റിക് റെസണന്സ് സ്പെക്റ്റ്രോസ്കോപ്പി( രാസപദാർത്ഥങ്ങളെക്കുറിച്ച് മനസ്സിലാകുന്നവ), ഫങ്ക്ഷണല് (മസ്തിഷ്ക്കത്തിനെ വിശ്രമത്തെക്കുറിച്ച് മനസ്സിലാക്കുന്നവ). മാഗ്നെറ്റിക് റെസണന്സ് ഇമേജിങ്ങിൽ കുത്തിവയ്പ്പുകളില്ലാതെ, വികിരണങ്ങള് ഒഴിവാക്കിയുള്ള നടപടിയാണ് ഉപയോഗിക്കുന്നത്. 30 മിനിറ്റ് നീണ്ടു നിലക്കുന്ന സ്കാനിംഗ് ആണിത്.

ഈ നടപടിഎന്താണെന്ന് നിങ്ങള്ക്ക് പറഞ്ഞ് മനസ്സിലാക്കിയതിനു ശേഷമാണിത് ചെയ്യുന്നത്. സ്കാനിംഗ് പരിശോധന നടന്നുകൊണ്ടിരിക്കുമ്പോൾ നിങ്ങള്ക്ക് ആവശ്യമാണെങ്കിൽ ഡോക്ടറുമായി സംസാരിക്കാവുന്നതാണ്.

***ഇലക്ട്രോഫിസിയോളജി***:

തലയോടിനെ ആവരണം ചെയ്യുന്ന തൊലിപ്പുറത്ത് ഇലക്ട്രോഡുകൾ ഘടിപ്പിച്ചു വിദ്യുത് പ്രവർത്തനം രേഖപ്പെടുത്തുന്നു. ഇത് ഇ.ഇ.ജി (ഇലക്ട്രോ എൻസെഫലൊഗ്രാഫി) ഉപയോഗിച്ചുള്ള ശരീര വിദ്യുത് പ്രവർത്തനങ്ങളെപ്പറ്റി പഠിക്കാൻ സഹായിക്കുന്നു. കണ്ണുകളുടെ ചലനം പിന്തുടർന്ന് ഫങ്ക്ഷണൽ നിയർ-ഇൻഫ്രാറെഡ് സ്പെക്ട്രോസ്കോപ്പി (എഫ്.എൻ.ഐ .ആർ.എസ) ടെസ്റ്റ് . ഇ.ഇ.ജി യുടെ സമയത്ത് തലച്ചോറിലെ തരംഗങ്ങളും രക്തത്തിലെ ഓക്സിജൻ്റെ അളവും രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന ചെറിയ ഇലക്ട്രോഡുകൾ അല്ലെങ്കിൽ ലൈറ്റ് ഡിറ്റക്ടറുകളടങ്ങിയ തൊപ്പി ധരിക്കേണ്ടതാണ്. ഇത് 60 മിനിറ്റ് നീണ്ടു നില്ക്കും. ഇതും കുത്തിവയ്ക്കലില്ലാത്ത നടപടിയാണ്. ഈ സമയത്ത് ഒന്നും ചെയ്യാതെ നിശ്ശബ്ദമായി ഒരു മുറിയിൽ വിശ്രമിക്കേണ്ടതാണ്. ആവശ്യമാണെങ്കിൽ
പരീക്ഷകൻ നല്ല തരംഗങ്ങൾ കിട്ടുവാൻവേണ്ടി നിങ്ങളുടെ തലമുടി അനക്കുന്നതാണ്. പരീക്ഷണത്തിൻ്റെ സമയത്ത് വിശ്രമിക്കുകയോ അല്ലെങ്കിൽ പരിശോധനയില് ഉള്പ്പെട്ട വീഡിയോ കാണുകയോ, ശബ്ദം കേൾക്കുകയോ ചെയ്ത് യഥാ സമയം ഉചിതമായി പ്രതികരിക്കേണ്ടതാണ്. ഈ പരീക്ഷണങ്ങള് തല നന്നായി കഴുകി ഉണക്കിയിട്ടു വേണം ചെയ്യുവാൻ.

താഴെ കാണുന്ന നിര്ണയങ്ങള്ക്ക് വേണ്ടി 15മില്ലി രക്തം അണുബാധ കൂടാതെശേഖരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നതായിരിക്കും.

തുടര്ച്ചായുള്ള നിർണയത്തിൻ്റെ നടപടികൾ (രണ്ടു വർഷത്തിൽ ഒരിക്കല് 3 മുതൽ 6 മണിക്കൂർ ദൈർഘ്യമുള്ളത്) ഇതിന് ആവശ്യമാണ്. ചില പരിശോധനകള് (ക്ലിനിക്കൽ അഭിമുഖങ്ങൾ, രാസ-ജൈവ പരിശോധനകള്,

സ്കാനിംഗ് മുതലായവ) ആവർത്തിക്കേണ്ടതുമാണ്. സമർപ്പണ മനോഭാവമുള്ള ക്ലിനിക്കല് ടീം നിങ്ങളോട് ആവശ്യമെങ്കിൽ സമ്പർക്കം പുലർത്തുന്നതായിരിക്കും. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഇതിൽ നിന്നും പിന്മാറാവുന്നതാണ്.

<u>ഇതിൽ പങ്കെടുത്താൽ എന്തൊക്കെ അസൗകര്യങ്ങളും അപായങ്ങളുമാണ് ഉണ്ടാകുക?</u>

സൂചി കുത്തുമ്പോൾ നിങ്ങൾക്ക് നീറ്റലോ രക്തസ്രാവമോ പോലുള്ള ചെറുതായ അസ്വസ്ഥതകൾ ഉണ്ടാകാൻ സാധ്യതയുണ്ട്. ചിലർക്ക് തല കറക്കമോ ബോധക്ഷയമോ ഉണ്ടാകാൻ സാധ്യതയുണ്ട്. അത്യപൂർവമായി ചിലർക്ക് സൂചി കുത്തുന്നതു കാരണം അണുബാധയുണ്ടാകാൻ സാധ്യതയുണ്ട്. ജീവാപായമുള്ള സങ്കിർണ്ണതകൾ ഉണ്ടാകാൻ സാധ്യതയില്ല. സാധാരണ അസുഖങ്ങൾക്കായുള്ള രക്തപരിശോധനയ്ക്കുള്ള അതേ നടപടികൾ തന്നെയാണ് ഈ പരീക്ഷണത്തിനും സ്വീകരിക്കുക. രക്ത പരിശോധനക്ക് വേണ്ടി നിങ്ങളിൽ നിന്നും എടുക്കുന്ന രക്തത്തിൻ്റെ അളവ് വളരെ കുറവായതിനാല് വിളര്ച്ച പോലുള്ള അസുഖങ്ങൾ നിങ്ങള്ക്ക് ഉണ്ടാകാൻ സാധ്യതയില്ല.

എം.ആർ.ഐ:
വളരെ അപൂർവമായി ചിലർക്ക് സ്കാനിംഗിൽ പങ്കെടുക്കുമ്പോള് ഉത്ക്കണ്ഠ ഉണ്ടാകാറുണ്ട് അത്തരത്തിലുള്ള എന്തെങ്കിലും അസ്വസ്ഥത അനുഭവപ്പെടുകയാണെങ്കിൽ അറിയിച്ചാൽ ഉടന് തന്നെ സ്കാനറില് നിന്നും മാറ്റുന്നതാണ്.

ഇലക്ട്രോഫിസിയോളജി:
ഈ പരീക്ഷണങ്ങള് ചെയ്യുമ്പോൾ ക്ഷീണമുണ്ടാകാന് സാധ്യതയുണ്ട്. ആവശ്യമുള്ള ഇടവേളകള് ഈ മൂന്ന് ഇലക്ട്രോഫിസിയോളജിക്കല് പരീക്ഷണം ചെയ്യുമ്പോഴുംനല്കുന്നതാണ്.

എന്തെങ്കിലും തെറ്റ് പറ്റിയാല്?

നിങ്ങള്ക്കെന്തെങ്കിലും അണു ബാധ പോലുള്ള ബുദ്ധിമുട്ടുകള് അനുഭവപ്പെടുകയാണെങ്കില് പഠന ഡോക്ടറെ സമീപിച്ചാല് വേണ്ട നിര്ദ്ദേശങ്ങള് നല്കുന്നതാണ്. പഠനരീതികളെപ്പറ്റിയും നടപടികളെപ്പറ്റിയും എന്തെങ്കിലും പരാതിയുണ്ടെങ്കില് പഠന ഡോക്ടറുമായി ആലോചിക്കുവാനായും അതിൽ തൃപ്തികരമല്ലെങ്കിൽ ആശുപത്രി നൈതീക വിഭാഗത്തില് പരാതി സമര്പ്പിക്കാവുന്നതാണ്.

പങ്കെടുക്കുന്നതിനെക്കുറിച്ചുള്ള രേഖകള് ആരു പരിശോധിക്കും?

ഗവേഷക സംഘത്തിലുള്ള പ്രധാനപ്പെട്ടവര്ക്കു മാത്രം അറിയാവുന്ന രീതിയില് പ്രത്യേകം നല്കിയിരിക്കുന്ന തിരിച്ചറിയല് അക്കങ്ങള് താങ്കളില് നിന്നും ലഭിച്ച വസ്തുതകള് കോഡ് ചെയ്യാന് ഉപയോഗിക്കുന്നതാണ്. നിര്ണ്ണയ താളുകളില് ഈ അക്കങ്ങള് മാത്രമാണ് കാണാന് പറ്റുക. പ്രത്യേക സാഹചര്യത്തില് നിയമപൂര്വമായ അധികാരികളൊഴികെ ആര്ക്കും നിങ്ങളുടെ വ്യക്തിത്വം വെളിപ്പെടുത്തുന്നതല്ല. ക്ലിനിക്കിനു വെളിയിലുള്ള റിപ്പോര്ട്ടുകളിലോ പ്രസിദ്ധീകരണങ്ങളിലോ നിങ്ങളുടെ ഒരു വിശദീകരണവും നല്കുന്നതല്ല. നിങ്ങളുടെ അനുവാദത്തോടു കൂടി നിങ്ങളുടെ കുടുംബ ഡോക്ടറെ നിങ്ങള് ഈ പരീക്ഷണത്തില് പങ്കെടുക്കുന്നത് അറിയിക്കുന്നതായിരിക്കും.. ഗവേഷണ വിധേയരാകുന്ന വ്യക്തികളെപ്പറ്റിയും വസ്തുതകളെപ്പറ്റിയുമുള്ള വിവരങ്ങള് രഹസ്യാത്മകമായിരിക്കും. .

എന്റെ രക്തസാമ്പിളിനും ഗവേഷണത്തിൻ്റെ ഭാഗമായി ശേഖരിച്ചു സൂക്ഷിക്കുന്ന മറ്റു വിവരങ്ങൾക്കും എന്തു സംഭവിക്കും?

ചില പരിസശോധനകള് ചെയ്യാനായി രക്തത്തിന്റെ

സാമ്പിള് ഉപയോഗിക്കുന്നതാണ്. (പ്രതിവു കൗണ്ടുകൾ, ജൈവ-രാസ വ്യതിയാനങ്ങള്, രോഗപ്രതിരോധത്തിന്റെ അളവുകള് എന്നിവ) ടിഷ്യൂ കള്ച്ചര് ചെയ്യാന് സൗകര്യമുള്ള 'നിംഹാന്സില് ജനിതക ഘടകങ്ങള് എടുത്ത് കോശങ്ങള് കള്ച്ചര് ചെയ്യപ്പെടുന്നു. സാമ്പിളിന് പ്രത്യേക തിരിച്ചറിയല് അക്കം ഒട്ടിച്ച് രഹസ്യമായി സൂക്ഷിക്കുന്നതാണ്.

ലിംഫോബ്ലാസ്റ്റോയിഡ് കോശനിരകള് വളരുവാന് വേണ്ടി കോശങ്ങള് ഉപയോഗിക്കുന്നു. പിന്നീട് അതില് നിന്നും ഐ.പി.എസ് കോശനിരകള് പഠനത്തിനായി ഉപയോഗിക്കുന്നു. ഞങ്ങള്ക്കൊപ്പം തെരെഞ്ഞെടുക്കപ്പെട്ട ഇന്ത്യയിലും പുറത്തുമുള്ള സർവകലാശാല നിപുണരും വാണിജ്യ സഹകാരികളും ഇത് പഠിക്കുന്നു. ഈ കോശങ്ങള് ടിഷ്യു കള്ച്ചര് സൗകര്യമുള്ള നിംഹാന്സിലും, എന്.സി.ബി.എസിലും സുരക്ഷിതമായി സൂക്ഷിക്കപ്പെടുന്നു. സൂക്ഷിച്ച കോശങ്ങള് ഭാവിയിലുള്ള ഗവേഷണത്തിനായി മുകളില് പറഞ്ഞതു കൂടാതെയുള്ള ഗവേഷണത്തിൽ ഉപയോഗിച്ചാൽ അത് നൈതികമായ അംഗീകാരത്തോടു കൂടിയായിരിക്കും. ഇതില് ഈ കോശങ്ങളെ വെറെ തരത്തിലുള്ള കോശനിരകളാക്കി മാറ്റുകയോ അല്ലെങ്കില് കോശങ്ങളിലെ പ്രത്യേകതരം ജനിതക ജൈവ-രാസ അളവുകളാക്കി മാറ്റുകയോ ചെയ്യുന്നു. ഇത്തരത്തിൽ ശേഖരിച്ച ജനിതക വിവരങ്ങൾ ,പ്രാഥമികമായി തിരിച്ചറിഞ്ഞിട്ടില്ലാത്ത ഗവേഷണ വിവരങ്ങൾ ( ഉദാ. മസ്തിഷ്ക ചിത്രങ്ങൾ ,എലെക്ട്രോഫ്സ്സിയോളജി എന്നിവ) ഭാവിയിൽ ഉരിത്തിരിഞ്ഞേക്കാവുന്ന ഗവേഷണ ആവശ്യങ്ങൾക്കായി മറ്റു സമാന മേഖലയിലുള്ള ശാസ്ത്രജ്ഞരുമായി പങ്കു വച്ചേക്കാം . ഇതിനായി ഉപയോഗിക്കുന്ന ഘടകങ്ങള് എന്താണെന്ന് തീരുമാമാനിക്കുന്നത്, പദ്ധതി നിര്വഹന ബോര്ഡ്, മുതിര്ന്ന ഡോക്ടര്മാര്, എന്.സി. ബി. എസിലും, നിംഹാൻസിലും ഉള്ള ശാസ്ത്രജ്ഞര് എന്നിവരാണ്. നിങ്ങള്ക്ക് ഈ ഫലങ്ങളില് നിന്നും സാമ്പത്തികമായ ഒരു നേട്ടവും ലഭിക്കുകയില്ല (ഉദാ: ഗവേഷണം വാണിജ്യപരമായി വിജയിക്കുന്നുവെങ്കില്, അതായത് ഒരു പുതിയ ചികിത്സാ രീതി വികസിപ്പിക്കുകയാണെങ്കില്)

എന്റെ ഡി.എന്.എ വിശകലനം ചെയ്യപ്പെടുമോ?

അതെ. നിങ്ങളുടെ ഡി. എന്. എ ജനിതക ടെസ്റ്റുകള് മൂലം വിശകലനം ചെയ്യപ്പെടുന്നതായിരിക്കും.

രക്തസാമ്പിളുകള് നിര്ണ്ണയിക്കുന്നതിനായി ഞാനെന്തു ചെയ്യണം?

ഇത് തികച്ചും ഒരു ഗവേഷണത്തിനായുള്ള പഠനമാണ്. തുടര്ച്ചയായി ഉള്ള അവസരങ്ങളില് നിങ്ങളുമായി ബന്ധപ്പെടേണ്ടതും രണ്ടു വര്ഷത്തില് ഒരിക്കല് പരിശോധ്നകള് ആവര്ത്തിക്കേണ്ടതുമാണ്. (ക്ലിനിക്കൽ അഭിമുഖങ്ങൾ, രാസ-ജൈവ പരിശോധനകള്, മസ്തിഷ്ക ചിത്രങ്ങൾ മുതലായവ).നിങ്ങളെ വിവരം അറിയിച്ചതിനു ശേഷം ഇങ്ങനെ തുടരുന്ന ഒരു ഗ്രൂപ്പില് നിങ്ങള് ചേര്ക്കപ്പെടുന്നതായിരിക്കും, ഓരോ പ്രാവശ്യവും സാമ്പിള് കൊടുക്കുന്നതിനും പരിശോധനയില് പങ്കെടുക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുന്നതിനും നിങ്ങള്ക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും.

ഈ ഗവേഷണ പഠനത്തിന്റെ ഫലമെന്താണ്?

ഗവേഷണ പഠനങ്ങള് ശാസ്ത്രവുമായി ബന്ധപ്പെട്ട ആനുകാലിക പ്രസിദ്ധീകരണങ്ങളില് പ്രകാശനം ചെയ്യുന്നതായിരിക്കും. ശാസ്ത്ര സമ്മേളനങ്ങളില് അവതരിപ്പിക്കുവാനും സാധ്യതയുണ്ട്. ഗവേഷണ ഫലങ്ങള് പ്രസിദ്ധപ്പെടുത്തുമ്പോൾ അത് നിങ്ങളുടെ വ്യക്തിത്വം വെളിപ്പെടുത്താതെയായിരിക്കും നിര്വഹിക്കുക. നിങ്ങളുടെ സ്വകാര്യത എപ്പോഴും സൂക്ഷിക്കുന്നതായിരിക്കും.

ആരാണ് ഈ ഗവേഷണം സംഘടിപ്പിക്കുന്നത്?

ഈ ഗവേഷണത്തിന്റെ സഹകാരികള് മാനസികരോഗ മരുന്നു ചികിത്സാ വിഭാഗം, നാഷണല് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റല് ഹെല്ത് ആന്റ് ന്യൂറോ

സയന്സസ് (നിംഹാൻസ്), നാഷണല് സെന്റര് ഫോര് ബയോളജിക്കല് സയന്സസ്(എന്. സി. ബി. എസ്) എന്നിവരാണ്. പഠനത്തിൻ്റെ സാമ്പത്തിക സഹായം നൽകുന്നത് ഭാരത സ ർക്കാരിന് കീഴിലുള്ള ബയോ -ടെക്നോളജി വിഭാഗമാണ്. നിങ്ങളുടെ ഡോക്ടര്ക്കോ പ്രാദേശിക ചികിത്സകനോ, ഗവേഷകര്ക്കോ ഈ പഠനത്തിൽ നിന്നും വ്യക്തിഗത പ്രതിഫലം ലഭിക്കുന്നതല്ല. ഈ ഗവേഷണത്തിന്റെ സമന്വയത്തില് താഴെപ്പറയുന്നവര് ഉള്പ്പെടുന്നു. സഞ്ജീവ് ജെയിൻ, മാത്യൂ വര്ഗ്ഗീസ് (എന്നിവർ നിംഹാന്സില് നിന്നും) മിത്രാദാസ് പണിക്കര്, ഡോ: രഘു പടിഞ്ഞാട്ട്, (എന്.സി.ബി.എസില് നിന്നും). ഇവര് കൂടാതെ അവരുടെ സഹോദ്യോഗികളും ഈ ഗവേഷണത്തില് സാന്നിദ്ധ്യം വഹിക്കുന്നു.

<u>ഈ ഗവേഷണം അവലോകനം ചെയ്യുതാരാണ്?</u>

ഈ പഠനം നിംഹാന്സിന്റെയും, എന്.സി.ബി.എസിന്റെയും ഗവേഷണ നൈതിക കമ്മിറ്റി അംഗീകാരം നല്കിയതാണ്.

ദയവായി ഈ പഠനത്തിന്റെ കൂടുതല് വിവരങ്ങള്ക്കായി താഴെ പറയുന്നവരുമായി ബന്ധപ്പെടുക.

*<u>പ്രവര്ത്തന സമയങ്ങളില്:</u>*

പ്രൊഫ: സഞ്ജീവ് ജെയിൻ (080 26995262/9480829467)
പ്രൊഫ: മാത്യൂ വര്ഗ്ഗീസ് (08026995241/ 9480829468)

നിങ്ങള്ക്ക് വേറെ എന്തെങ്കിലും പരാതിയുണ്ടെങ്കില് വിശദീകരണത്തിനായി നിംഹാൻസ് നൈതിക ബോര്ഡ് മെമ്പർ സെക്രട്ടറിയുമായി കാര്യാലയപ്രവര്ത്തന സമയങ്ങളില് ബന്ധപ്പെടുക. (080-26995569).

ഈ വിവരങ്ങള് വായിക്കുവാന് സമയം ചിലവാക്കിയതിനു നന്ദി. നിങ്ങള് ഈ ഗവേഷണത്തില് പങ്കു കൊള്ളാന് തീരുമാനിക്കുകയാണെങ്കില് ഇതിന്റെ ഒരു പകര്പ്പ് നിങ്ങള്ക്ക് നല്കുന്നതായിരിക്കും.

ഗവേഷകന്റെ വാഗ്ദാനം:

ഈ പഠനത്തില് പങ്കെടുക്കാനായി നിങ്ങളുടെ അനുമതി ലഭിച്ചതിനു ശേഷവും കാരണങ്ങള് വിശദീകരിക്കാതെ എപ്പോള് വേണമെങ്കിലും ഇതില് നിന്നും പിന്മാറാന് നിങ്ങൾക്ക് അവകാശമുണ്ട്. നിങ്ങള്ക്ക് പഠനത്തിനെക്കുറിച്ച് എന്തെങ്കിലും സംശയമുണ്ടെങ്കില് ചോദിക്കാന് മടിക്കേണ്ടതില്ല. പഠനത്തിന്റെ സമയത്ത് സംശയദൂരീകരണത്തിനായി (പ്രൊഫ: സഞ്ജീവ് ജെയിൻ ,പ്രൊഫ: മാത്യൂ വര്ഗ്ഗീസ്) എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്. നിങ്ങളില് നിന്നും ശേഖരിച്ചിട്ടുള്ള വിവരങ്ങള് സ്വകാര്യമായി സൂക്ഷിക്കുന്നതായിരിക്കും.

## *അനുമതി വിവരണ പത്രം*

ഗവേഷണ ശീര്ഷകം : മൂലകോശങ്ങളുപയോഗിച്ച് വേഗത്തിലുള്ള മസ്തിഷ്ക രോഗ നിര്ണ്ണയ നടപടി (എ.ഡി.ബി.എസ്) എ സെന്ററ് ഫോർ ഇന്ററഗ്രേറ്റിംഗ് ക്ലിനിക്കല് മെഡിസിന് ആൻഡ് ബേസിക് സയൻസ്

-------------------------------

പരീക്ഷണ വിധേയനാകുന്ന വ്യക്തിയുടെ പേര്: ----------------------------------------------

പരീക്ഷണ വിധേയനാകുന്ന വ്യക്തിയുടെ പ്രാഥമിക പേര്: --------------------------

കുടുംബ സംഖ്യ: ---------------------------------

പഠന തിരിച്ചറിയല് സംഖ്യ:

1: മേല്പ്പറഞ്ഞ വിവരങ്ങ ൾ വായിച്ച് മനസ്സിലാക്കുവാനും ഇതു സംബന്ധിച്ച് ചോദ്യങ്ങള് ചോദിക്കുവാനുമുള്ള അവസരം ലഭിച്ചു എന്നു ഉറപ്പു തരുന്നു

2: ഈ പഠനത്തില് ഞാന് സ്വമേധയാ പങ്കെടുക്കുകയും എപ്പോള് വേണമെങ്കിലും ഇതില് നിന്ന് ചികിത്സപരമായ/നിയമപരമായ അവകശങ്ങള്ക്കു കോട്ടം സംഭവിക്കാതെയും,വിശദീകരണങ്ങൾ നല്കാതെയും പിന്മാറാന് സ്വാതന്ത്ര്യമുണ്ടെന്ന് മനസ്സിലാക്കുന്നു.

3: ഈ പഠനത്തിന്റെ സാമ്പത്തിക സഹായികൾ, അവരുടെ പ്രതിനിധികൾ, ധാർമ്മിക സമിതി, മറ്റു നിർവാഹകർഎന്നിവര്ക്കു ഞാന് പരീക്ഷണത്തില് നിന്നും പിന്മാറിയാലും ഇതു സംബന്ധിച്ചുള്ള ആരോഗ്യരേഖകള് പരിശോധിക്കുവനും പഠനം നടത്തുവാനും എന്റെ അനുമതിയുടെ ആവശ്യമില്ലെന്നു ഞാന് മനസ്സിലാക്കുന്നു. ഇതിനായി ഞാന് സമ്മതം നല്കുന്നു. എന്റെ വ്യക്തിത്വം മറ്റുള്ളവർക്കോ പ്രസിദ്ധീകരണത്തിലോ ഒരു കാരണവശാലും

വെളിപ്പെടുകയില്ലെന്നും ഞാന് മനസ്സിലാക്കുന്നു.
4: ഗവേഷണ ഫലങ്ങളോ വിവരങ്ങളോ ശാസ്ത്രീയമായ പ്രയോജനങ്ങള്ക്ക് വേണ്ടി മാത്രമായി പരിമിതപ്പെടുത്തുന്നില്ല..
5: ഈ പഠനത്തില് പങ്കെടുക്കാന് എനിക്കു സമ്മതമാണ്

.

------------------------------------ ------------------------------------------------------

ചികിത്സകന്റെ ഒപ്പ് പങ്കെടുക്കുന്ന ആളിന്റെ പേര്

------------------------------------ ---------------------------------------------------------

ചികിത്സകന്റെ പേര് പങ്കെടുക്കുന്ന ആളിന്റെ ഒപ്പ്

------------------------------------

തീയതി മേല്വിലാസം

-------------------------------- ------------------------------------

സാക്ഷിയുടെ ഒപ്പ് ബന്ധുവിൻ്റെ ഒപ്പ്

----------------------------- ---------------------------------------

സാക്ഷിയുടെ പേര് ബന്ധുവിൻ്റെ പേര്

| ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ | |
|---|---|
| പങ്കെടുക്കുന്ന വ്യക്തി | |
| സാക്ഷി ( if applicable) | |
| ബന്ധു ( if applicable) | |